# Focus are SSLC March 2022

## സാമൂഹ്യ ശാസ്ത്രം–II

## CHAPTER-3




BIJU KK, HST, SOCIAL SCIENCE, GHS TUVVUR 2021-22






Black board
Chalk
वर्ग २ रा
आठवड्याचा बाजार
स्वाध्याय



BIJU KK, HST, SOCIAL SCIENCE, GHS TUVVUR  2021-22


Diesel

# മാനവ വിഭവം?

-ഉൽപാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.

-സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിന് മാനവവിഭവം വളരെ അത്യാവശ്യമാണ്.

-അതിനാൽ ഏതൊരു രാജ്യത്തിന്റെയും പുരോഗതിക്ക് അനിവാര്യമാണ് മെച്ചപ്പെട്ട മാനവ വിഭവം

## എന്താണ് മാനവവിഭവശേഷി വികസനം (എങ്ങനെയാണ് മാനവവിഭവശേഷി വികസിപ്പിക്കുക)?

–വിദ്യാഭ്യാസം, അരാഗ്യപിപാലനം, പരിശീലനം, നൈപുണി വികസനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവവിഭവശേഷി വികസനം എന്നുപറയുന്നു.

# മാനവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ

–വ്യക്തികൾ സ്വയം

–കുടുംബം

–വിവിധ സ്ഥാപനങ്ങളും ഏജൻസികളും

–രാഷ്ട്രം

# മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ

BIJU KK, HST, SOCIAL SCIENCE, GHS TUVVUR 2021-22

## അധ്വാനശേഷിയെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ എന്തെല്ലാം?

-വിദ്യാഭ്യാസം
-ആരോഗ്യ പരിപാലനം
-പരിശീലനങ്ങൾ
-സാമൂഹിക മൂലധനം

# സാമൂഹിക മൂലധനം

–സാമൂഹിക മൂലധനം എന്നാൽ (Social Capital) പരസ്പരം സഹായിക്കാൻ തയ്യാറുള്ള  വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ആളുകൾ തമ്മിലുള്ള ബന്ധത്തിന്റെ ശൃംഖലയാണ്.

–ആ സമൂഹം ഫലപ്രദമായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നു.

–കഴിഞ്ഞ പ്രളയകാലത്ത് മത്സ്യതൊഴിലാളികളെ പോലുള്ളവർ നൽകിയ സേവനം സാമൂഹിക മൂലധനത്തിന് ഉദാഹരണമാണ്.

# വിദ്യാഭ്യസം എങ്ങനെ രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നു? ഫ്ലോചാർട്ട്

<u>വിദ്യാഭ്യാസം</u>

↓

വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.

↓

സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.

↓

മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു

↓

ജീവിത നിലവാരം ഉയരുന്നു.

# 2011ലെ സെൻസസ് അനുസരിച്ച് ഇന്ത്യയുടെ സാക്ഷരതാ നിരക്ക്

സ്ത്രീകൾ (Female) - 65.46%

പുരുഷൻമാർ (Male) – 82.14%

ആകെ (Total) - 74.04%

## എന്താണ് സാക്ഷരതാ നിരക്ക്?

–ജനസംഖ്യയിൽ 100 പേരിൽ എത്ര പേർക്ക് ആശയം മനസ്സിലാക്കി എഴുതാനും വായിക്കാനും അറിയുന്നു എന്നതാണ്.

BIJU KK, HST, SOCIAL SCIENCE, GHS TUVVUR 2021-22

വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിന് ഇന്ത്യയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ.

-സംയോജിത ശിശു വികസന സേവന പരിപാടി (ICDS)
-സമഗ്ര ശിക്ഷാ അഭിയാൻ (SSA)
-രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA)
-നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം

## സംയോജിത ശിശു വികസന സേവന പരിപാടിയുടെ ലക്ഷ്യങ്ങൾ

–6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം.

–ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം.

BIJU KK, HST, SOCIAL SCIENCE, GHS TUVVUR 2021-22

# സമഗ്ര ശിക്ഷാ അഭിയാൻ – ലക്ഷ്യങ്ങൾ

–സാർവ്വത്രിക വിദ്യാഭ്യാസം ഹയർ സെക്കണ്ടറി വരെ ഉറപ്പു വരുത്തുക.
–തുല്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുക.
–തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പരിപോഷിപ്പിക്കുക.
–SCERT /DIET തുടങ്ങിയ അധ്യാപക പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക.

# രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ ലക്ഷ്യങ്ങൾ

–ഉന്നത വിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക.

–ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക.

BIJU KK, HST, SOCIAL SCIENCE, GHS TUVVUR 2021-22

# നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം

–യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.

–തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പു വരുത്തുക.

## വിദ്യാഭ്യാസം നൽകുന്നതിനായി രാജ്യത്ത് വിവിധ തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

–സ്കൂളുകൾ,
–കോളേജുകൾ,
–സർവകലാശാലകൾ,
–സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

# വിദ്യാഭ്യാസ അവകാശ നിയമം

-വിദ്യാഭ്യാസം മൗലികാവകാശമാക്കുകയും 2009 ൽ വിദ്യാഭ്യാസ അവകാശ നിയമം പാസാക്കുകയും ചെയ്തു.

-എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യം ഭരണഘടന RTE വഴി ഉറപ്പു നൽകുന്നു.

BIJU KK, HST, SOCIAL SCIENCE, GHS TUVVUR 2021-22

## ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്ത് ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ?

-വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവുണ്ട്.

-പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞു പോകുന്നു.

-വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്.

# മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷത – ആരോഗ്യം

**ആരോഗ്യം**

**ലോകാരോഗ്യ സംഘടനയുടെ നിർവചനം**

**ശാരീരികമായും മാനസികമായും സാമൂഹികവുമായും ഉള്ള സുസ്ഥിതിയാണ് ആരോഗ്യം**


ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നതെങ്ങനെ?

1




തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപാദനം കൂടും

2



പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും

3



ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും

4



ഉൽപ്പാദന വർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാക്കും

## ആരോഗ്യമുള്ള വ്യക്തികൾ രാജ്യത്തിന്റെ പുരോഗതിയിൽ പങ്കാളികളാകുന്നതെങ്ങനെ?

-തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപാദനം കൂടും.

-പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും.

-ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും.

-ഉൽപാദന വർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാക്കും.

# ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ

## ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ ഏവ?

-പോഷകാഹാര ലഭ്യത
-ശുദ്ധജല ലഭ്യത
-രോഗ പ്രതിരോധ സംവിധാനങ്ങൾ
-ശുചിത്വ പരിപാലനം
-ചികിത്സാ സൗകര്യങ്ങൾ
-വിശ്രമവും വിനോദവും
-ആരോഗ്യകരമായ പരിസ്ഥിതി

BIJU KK, HST, SOCIAL SCIENCE, GHS TUVVUR 2021-22

ഇന്ത്യയിൽ ചികിത്സാരംഗത്ത് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഏവ?

–മെഡിക്കൽ കോളേജുകൾ
–ജില്ലാ ആശുപത്രികൾ
–സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ
–പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ
–ആരോഗ്യ ഉപകേന്ദ്രങ്ങൾ

ഇന്ത്യയിൽ ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന രണ്ട് പദ്ധതികൾ?

1.ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ

2. ദേശീയ നഗരാരോഗ്യ മിഷൻ

BIJU KK, HST, SOCIAL SCIENCE, GHS TUVVUR 2021-22

# ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ലക്ഷ്യം

–ഗ്രാമീണ മേഖലയിൽ മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുന്നു

# ദേശീയ നഗരാരോഗ്യ മിഷന്റെ ലക്ഷ്യം

–അമ്പതിനായിരത്തിൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുന്നു.

# ആയുർദൈർഘ്യം എന്നാൽ എന്ത്?

–ഒരു വ്യക്തി ശരാശരി എത്ര വയസു വരെ ജീവിച്ചിരിക്കുന്നു എന്നതാണ് ആയുർദൈർഘ്യം.

# മാനവശേഷി മെച്ചപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ

–തൊഴിലാളികളുടെ ഉൽപാദനക്ഷമത വർധിപ്പിക്കാം,
–സാമ്പത്തിക അന്തരം കുറയ്ക്കാം,
–പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം,
–മെച്ചപ്പെട്ട സാങ്കേതികവിദ്യകളുടെവികസനവും ഉപയോഗവും സാധ്യമാക്കാം,
–സാമൂഹികക്ഷേമം ഉറപ്പുവരുത്താം,
–സംരംഭകത്വം മെച്ചപ്പെടുത്താം.

# ALL THE BEST

BIJU KK

GHSS TUVVUR

MALAPPURAM - 9778300200